# ACADEMIC MASTER PLAN

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025-26

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: ഗവ. ഡബ്ല്യു. എൽ പി. എസ്, ചുനക്കര

വിദ്യാഭ്യാസ ഉപജില്ല: മാവേലിക്കര

ഉപജില്ല : മാവേലിക്കര

റവന്യൂ ജില്ല: ആലപ്പുഴ.

ജില്ല : ആലപ്പുഴ

താലൂക്ക് : മാവേലിക്കര

പഞ്ചായത്ത് : ചുനക്കര

പ്രധാനാധ്യാപിക: സുജാത. T.M

Email : GwLps 50@gmail.com

# ആമുഖം

കേരളത്തിന്റെ വികസനത്തിൽ നിർണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിന് ഉള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും സർഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കുവാനും ഭരണഘടന മൂല്യങ്ങളായ അവസര സമത്വം, മതേതരത്വം, ലിംഗസമത്വം, ശാസ്ത്രാവബോധം, പാർശ്വവത്ക്കരിക്കപ്പെട്ടവരോടുള്ള അനുകൂല മനോഭാവം കുട്ടികളുടെ അവകാശനിയമം, വിദ്യാഭ്യാസ അവകാശനിയമം എന്നിവ ഉറപ്പാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്.

2025-26 സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് നമ്മൾ ആവിഷ്കരിക്കേണ്ടത്.

എസ്.എം.സി, എസ്.എസ്.ജി, പൂർവ്വ വിദ്യാർത്ഥികൾ, ഗ്രാമപഞ്ചായത്ത് എന്നിവരുടെ നേതൃത്വത്തിൽ പ്ലാറ്റിനം ജൂബിലി വാർഷികവും കൂടിയായ ഈ വർഷത്തിൽ അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ തലങ്ങളിൽ ആ വിവിധ വികസനപ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

# ചരിത്രം

ഹരിജനക്ഷേമം ലക്ഷ്യമാക്കി 1940-ലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലത്തിന്റെയും റോഡിന്റെയും പടിഞ്ഞാറായി സ്വകാര്യ വ്യക്തിയുടേതായിരുന്ന സ്ഥലത്തുള്ള കെട്ടിടത്തിൽ കുറ്റിച്ചേരൻ കൊച്ചുകുഞ്ഞന്റെ നേതൃത്വത്തിൽ ഒരു നിലത്തെഴുത്ത് പള്ളിക്കൂടവും ഒന്നു, രണ്ടു സ്റ്റാൻഡേർഡുകളുള്ള ഒരു വിദ്യാലയവും ഒരു ഗ്രന്ഥശാലയും പ്രവർത്തിച്ചിരുന്നു. 1949-ൽ ഇത് ഹരിജനക്ഷേമ വകുപ്പ് ഏറ്റെടുത്തതോടെ ഗവ. വെൽഫെയർ എൽ. പി. എസ് ആയി മാറി.

1958-ൽ ഹരിജനക്ഷേമ വകുപ്പ് മന്ത്രി പി. കെ. ചാത്തൻ മാസ്റ്റർ ഈ വിദ്യാലയം സന്ദർശിച്ച്, പോരായ്മകൾ മനസ്സിലാക്കി വിദ്യാലയത്തിന് സ്വന്തമായി സ്ഥലവും അതിൽ കെട്ടിടം നിർമ്മിക്കുന്നതിന് സഹായവും ചെയ്യാമെന്നേറ്റു. 1964-ൽ അങ്ങനെ ലഭിച്ച 50 സെന്റ് സ്ഥലത്ത് റോഡിന് കിഴക്കുവശത്തേക്ക് സ്കൂൾ മാറി. ഇന്നുള്ള കെട്ടിടങ്ങളിൽ പടിഞ്ഞാറെ കെട്ടിടത്തിലാണ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് 1972-ൽ കിഴക്കുവശത്തായി മറ്റൊരു കെട്ടിടം കൂടി നിർമ്മിച്ചു.

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കുവാൻ ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ് ഭാഷകൾ വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള കഴിവ് ഉറപ്പാക്കുക.
- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
- അടിസ്ഥാന ഗണിത ക്രിയകളിൽ നൈപുണ്യം നേടുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- പഠന പിന്നോക്കക്കാരെ കണ്ടെത്തി ആവശ്യമായ സഹായം നൽകി മെച്ചപ്പെടുത്തുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് ഒരു നല്ല പൗരനായി വളർത്തുന്നതിന്.
- കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.
- ലഹരി വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുന്നതിന്

# പ്രവർത്തനങ്ങൾ

## മലയാളം ഭാഷാ പഠനം

- എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സ്വതന്ത്രഭാഷണം ലേഖനം ഇവയിൽ ഏർപ്പെടാനും ഉള്ള കഴിവ് നേടുക.
- സ്കൂൾ അസംബ്ലിയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ വാർത്താ വായന, ക്വിസ്, പഴഞ്ചൊല്ല്, കടങ്കഥ, കുട്ടിക്കവിത, മഹദ്വചനം എന്നിവ ഉൾപ്പെടുത്തി അസംബ്ലി വിപുലപ്പെടുത്തുക.
- ദിനാചരണങ്ങൾക്ക് പഠന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്.
- ഒഴിവു സമയങ്ങൾ പത്രവാർത്ത, കടങ്കഥ, ബാലമാസിക വായന കാർഡ് എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന്.
- ലൈബ്രറി പുസ്തകങ്ങൾ നൽകി വായന- കൂട്ടം വായനക്കുറിപ്പ്, അമ്മ വായന എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു.

പ്രവർത്തനങ്ങൾ

- ശബ്ദ പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയറ്റർ, സംഭാഷണമായി
- മലയാളത്തിളക്കം പ്രവർത്തനങ്ങൾ
- ഐസിടി സാധ്യത പ്രവർത്തനങ്ങൾ
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ

## ഇംഗ്ലീഷ് ഭാഷാപഠനം

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ വായിക്കുന്നതിനും എഴുതുന്നതിനും ലളിതമായ സംഭാഷണങ്ങളിൽ ഉൾപ്പെടുന്നതിനും.

- English assembly.
- Hello english activities
- Reading cards
- Story telling
- Rhymes
- Riddlies.
- Word card, wedweb
- ICT activities

# ഗണിതം

- എല്ലാ കുട്ടികൾക്കും ഗണിതക്രിയകൾ സ്വായത്തമാക്കുന്നതിനും
- മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഒന്ന് രണ്ട് ക്ലാസ്സുകളിൽ ഗണിത ക്രിയകൾ പഠിക്കുന്നു.
- പ്രായോഗിക ജീവിതത്തിൽ ഗണിതക്രിയകളുമായി ബന്ധപ്പെടുത്തുന്നു.
- ഉറപ്പിക്കുവാനായി മനക്കണക്ക് ഇവയുടെ സഹായം പ്രയോജനപ്പെടുന്നു.
- ജ്യാമിതീയ രൂപങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമായി തിരിച്ചറിയുന്നു.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- ICT സഹായ പ്രവർത്തനങ്ങൾ

## പരിസരപഠനം

- കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കുന്നതിന് പ്രകൃതിയെ തന്നെ പാഠപുസ്തകമാക്കുന്നു.
- വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗമാകുന്നു.
- വിദ്യാലയം ഹരിതാഭമാക്കുന്നു.
- കൃഷിയോടുള്ള താല്പര്യം വളർത്തുന്നതിന് പച്ചക്കറി കൃഷി സ്കൂൾ വളപ്പിൽ
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിന്
- ശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- നല്ല ആരോഗ്യത്തിന് വ്യായാമം ആവശ്യമാണെന്ന് തിരിച്ചറിയുന്നു.

## കലാവിദ്യാഭ്യാസം

- കുട്ടികളിൽ കലാബോധം വളർത്തി യെടുക്കുന്നു.
- ക്ലാസ് തല പ്രവർത്തനങ്ങളിൽ നിന്നും കുട്ടിയുടെ അഭിരുചി മനസ്സിലാക്കി പ്രോത്സാഹിപ്പിക്കുന്നു.
- പാഠ്യ പ്രവർത്തനങ്ങളെ കലാപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു.
- സർഗ്ഗ വേദികളിൽ അവസരം നൽകുന്നു.

## പ്രവർത്തി പരിചയം

- പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു.
- ശില്പശാലകൾ സംഘടിപ്പിക്കുന്നു.

# നിലവിലെ അവസ്ഥ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠനം നടത്തുന്നത്.

std 1 : 8 + 7 = 15

std 2 : 3 + 10 = 13

std 3 : 6 + 11 = 17

std 4 : 10 + 7 = 17

preprimary : 3 + 3 = 6

ആകെ : 30 + 38 = 68

പ്രീപ്രൈമറി എസ്.എം.സി കൂടെ ഭരണതലത്തിൽ നടത്തുന്നു. പ്രധാനാധ്യാപിക ഉൾപ്പെടെ പ്രൈമറിതലത്തിൽ നാല് അധ്യാപകരും പ്രീപ്രൈമറിയിൽ ഒരു അധ്യാപികയും പ്രവർത്തിക്കുന്നു. പോഷക സമൃദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണം പാകം ചെയ്യാൻ ഒരു പാചക തൊഴിലാളി ഉണ്ട്. S.R.G. കൺവീനർ ഷൈലജാമോൾ Tr. ആണ്. എല്ലാ വെള്ളിയാഴ്ചകളിലും SR.G കൂടി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നു.

ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡ്രൈ ഡേ ആചരിക്കുന്നു. വിദ്യാരംഗം, ഗണിത ക്ലബ്, സയൻസ് ക്ലബ്ബ് തുടങ്ങിയ പ്രവർത്തിക്കുന്നു. ചുനക്കര PHC യുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ചെക്കപ്പുകളും പെൺകുട്ടികൾക്കും തിങ്കളാഴ്ചകളിൽ അയൺ ഗുളികകൾ നൽകിവരുന്നു.

ചുനക്കര പഞ്ചായത്തിൽ നിന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി തരുന്നുണ്ട്